കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന നടപടി പുരോഗമിച്ചുവരുന്നതേയുള്ളൂ. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിലെ പ്രൊപ്പോസലുകളൊന്നും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല. അതുകൊണ്ട് 2013-14 വർഷത്തിൽ നടപ്പിലാക്കിയ എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും വിനിയോഗ സർട്ടിഫിക്കറ്റ് ഈ സാമ്പത്തിക വർഷത്തെ പ്രൊപ്പോസലുകൾക്കൊപ്പം കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാനുണ്ട്.

ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

210 (6915) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2011-12-ലും, 2012-13-ലും, 2013-14-ലും പൂർണ്ണ വിനിയോഗം ലക്ഷ്യം കൈവരിക്കാത്ത ഏതെങ്കിലും ജില്ലകളുണ്ടോയെന്നും എങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കുമോ ;

(സി) പൂർണ്ണ വിനിയോഗം ലക്ഷ്യത്തിലെത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതിയാണ് പട്ടികജാതി വികസന വകുപ്പ് ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിപ്രകാരം ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ വിവിധ വരുമാനദായക പദ്ധതികളും തൊഴിൽ പരിശീലന പദ്ധതികളും ജില്ലാ കളക്ടർ മുഖേന നടപ്പിലാക്കുന്നു. ജില്ലാ കളക്ടർമാരുടെ അനുമതിയോടെ ബന്ധപ്പെട്ട വകുപ്പുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പിലാക്കുന്നു. ക്ഷീര വികസനം, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥരായ ഉറ്റുപാദന മേഖലയിലെ വിവിധ പദ്ധതികൾ, വിവിധ സഹകരണ സംഘങ്ങൾക്ക് ധനസഹായം, തൊഴിലധിഷ്ഠിത പരിശീലനത്തിനായുള്ള ധനസഹായം, സൊസൈറ്റികൾക്ക് പ്രവർത്തനമൂലധനം, തൊഴിൽ പരിശീലന പരിപാടികൾ, അർഹരായ വ്യക്തി/ഗ്രൂപ്പുകൾക്കായുള്ള ധനസഹായം, കുടിവെള്ള പദ്ധതി, വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തുടങ്ങിയ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

(ബി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എല്ലാ ജില്ലകളിലും പൂർണ്ണ വിനിയോഗം ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. 2013-14 സാമ്പത്തികവർഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന് പ്രയാസം നേരിട്ടതിനാൽ ഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(സി) ഫണ്ട് വിനിയോഗം ലക്ഷ്യത്തിലെത്തിക്കുന്നതിന് എസ്.സി.എസ്.പി. മാർഗ്ഗനിർദ്ദേശപ്രകാരമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നത്. ടി നിബന്ധനകൾക്ക് വിധേയമായി ജില്ലാതല കമ്മിറ്റി അംഗീകരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ നിർദ്ദേശം നൽകിവരുന്നുണ്ട്.

പട്ടികജാതിക്കാർക്കുവേണ്ടിയുള്ള പ്രത്യേക ഘടകപദ്ധതി

211 (6916) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതിയുടെ വിടവുനികത്തൽ, കോർപ്പസ് ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമായി നടത്താനും പരിശോധിക്കാനും നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ ;

(ബി) 2013-14-ൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ട് ; ഓരോന്നിന്റെയും തുകസഹിതമുള്ള വിവരം വെളിപ്പെടുത്തുമോ ;

(സി) ഇതിൻകീഴിൽ 2013-14 വർഷം പുതിയ പദ്ധതികൾക്കായി കോർപ്പസ് ഫണ്ടിൽനിന്നും വിഹിതം നൽകിയിരുന്നോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ?

ഉത്തരം

(എ) പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതിയുടെ വിടവു നികത്തുന്നതിന് കോർപ്പസ് ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ രംഗത്തും തൊഴിൽ രംഗത്തും പ്രത്യേക പരിശീലനങ്ങൾ നൽകാറുണ്ട്. ഈ പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾ ജില്ലാതലത്തിൽ ജില്ലാതല സമിതിയും സംസ്ഥാനതലത്തിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പും പരിശോധിച്ച് ശിപാർശ ചെയ്തുവരുന്നു. കൂടാതെ വകുപ്പുതലത്തിൽ ജില്ലാ ഓഫീസർമാരുടെ മീറ്റിംഗുകൾ കൂടുകയും എല്ലാ മാസത്തേയും പ്രോഗ്രസ് റിപ്പോർട്ടുകൾ തയ്യാറാക്കുകയും അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly